

**കളപറിക്കാരികൾ**
ഇടശ്ശേരി



# കളപറിക്കാരികൾ

ഇടശ്ശേരി

ആ പരന്നു കിടക്കുന്ന പാടത്തിന്റെ നടുവിൽ ഒരുകൂട്ടം പാവപ്പെട്ട പെണ്ണുങ്ങൾ നിരന്നു കുമ്പിട്ടുനിന്നു കളപറിക്കുകയാണ്. കണ്ടത്തിൽ വെള്ളമുണ്ട്. ആ ഉറഞ്ഞ തണുപ്പ് അവരുടെ ഞെരിയാണികളെ ഞെരുക്കിക്കൊണ്ടിരിക്കുന്നു. നീലക്കാർകൊണ്ട് നിബിഡമായ ആകാശത്തിന് കാണെക്കാണെ കനം കൂടിവരികയും, ഉച്ചയോടു സമീപിച്ചിരിക്കുന്ന ആ സമയത്തും ഭൂമുഖമാകെ ഒരു കൂരിരുട്ടു വ്യാപിക്കുകയും ചെയ്തു. പടിഞ്ഞാറൻ കാറ്റ് യാതൊരു തടസ്സവുമില്ലാതെ ആ വെളിനിലത്ത് ഉരത്ത ശക്തിയോടു കൂടി വീശുന്നുണ്ട്. അതോരോന്നും നറുനെൽത്തലപ്പുകളിൽ താളം വെട്ടിച്ചുകൊണ്ട് കടന്നുപോവുമ്പോൾ ആ ദീനകളുടെ കർണരന്ധ്രങ്ങളിൽ ദുസ്സഹമായ വേദന തറച്ചു കയറ്റുന്നു.

മഴ ഇപ്പോൾ പെയ്തു തുടങ്ങും. ഇവരിൽ ചിലർക്ക് ഓരോ കുണ്ടൻ കുടയുണ്ട്. അവർ അതോരോന്നിന്റെ ഉള്ളിൽ ചുളിഞ്ഞുകൂടുകയും അങ്ങനെ അവരുടെ സ്വന്തമായ ചക്രവാളത്തിനുള്ളിൽ നിന്നുകൊണ്ട് പണിയെടുക്കുകയും ചെയ്യും. കുടയില്ലാത്തവരോ? അവർ മഴയത്ത് ഓടിപ്പോവില്ല. പണി വിട്ടു വിറച്ചുകൊണ്ട് നിൽക്കില്ല, ഒന്ന് ചൂളുകപോലും ചെയ്യില്ല. പെയ്യുന്ന പേമഴയെല്ലാം അവർ ആ നിലയിൽ നിന്നുകൊള്ളും. ഇരമ്പിയെത്തുന്ന മഴത്തുള്ളികൾ അവരുടെ പുറം കുത്തിത്തുളയ്ക്കുന്നുണ്ടാകും. അവർ അത് സഹിക്കും. അവരുടെ ദേഹം മരവിച്ചിരിക്കുന്നു. ആത്മാവ് കല്ലിച്ചിരിക്കുന്നു.

ഇടയ്ക്കിടയ്ക്ക് പണിയെടുത്ത് മുഷിയുമ്പോൾ അവർ ഒന്നിച്ച് ഓരോ പാട്ടുപാടും. വടക്കൻ പാട്ടുകൾ! ഇത് ഒരുതരം ശക്തിമന്ത്രം ഉരുവിടലാണ്. തണുപ്പുകൊണ്ട് വിറയ്ക്കുന്ന തൊണ്ടകളിലൂടെ ഒരു കൂട്ടം രോദനം വിശാലമായ അന്തരീക്ഷത്തിലേയ്ക്ക് ഇഴഞ്ഞു കയറുന്നു. അത് പാട്ടുകാരികളെത്തന്നെ സന്തോഷിപ്പിക്കുന്നു. ഉത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ഭൗതികപിണ്ഡം മുട്ടിനു ചളിയിൽനിന്ന് അലിഞ്ഞലിഞ്ഞു പോവുമ്പോൾ അവയിലെ ആത്മാക്കൾ ഏറ്റവും വിദൂരമായ ഭൂതകാലത്തിലെ സൗവർണതയിലേക്ക് പറന്നുപോവുകയും, അവിടെ കവി നിർമിച്ചിട്ടുള്ള സമൃദ്ധിയുടെയും വീരതയുടെയും, പ്രണയത്തിന്റെയും മോഹനസൗധങ്ങളിൽ വിഹരിക്കുകയും ചെയ്യുന്നു. ആകപ്പാടെയുള്ള ജീവിതാനന്ദം!

ഈ പാവങ്ങൾ ഈ നിലയിൽ എട്ടോ, ഒമ്പതോ, മണിക്കൂർ പണി ചെയ്യേണ്ടിയിരിക്കുന്നു. നിരന്തരമായ പ്രവൃത്തി! അവർക്ക് വേണമെങ്കിൽ ഭക്ഷണത്തിനു കുറച്ചു സമയമെടുക്കാം.

പക്ഷേ, മിക്കപ്പോഴും അവർ അതുപയോഗിക്കാറില്ല. അവർ അതെല്ലാം അന്യരെ ഏൽപ്പിച്ചിരിക്കയാണ് – അവരുടെ പ്രയത്നഫലം തികച്ചും അനുഭവിക്കുന്നതിനു മാത്രമായി ഭൂമിയിലേക്കിറങ്ങിവന്നിട്ടുള്ള ആ ഭാഗ്യവാന്മാരെ; വിശപ്പടക്കാൻ ഒരിറക്കു കഞ്ഞിവെള്ളം പോലുമില്ലാതെ ഇക്കൂട്ടർ വേല ചെയ്യുമ്പോൾ ആണ്ടോടാണ്ട് അതിന്റെ അനുഭവം വിഴുങ്ങി രുചിക്ഷയത്തിനു ഉപ്പിലിട്ടതും, ദീപനത്തിന് ഏതാനും ചൂർണങ്ങളും സംഭരിച്ചിരിക്കുന്ന പ്രഭുക്കന്മാരെ, നടുപ്പാടത്ത് ഈ ദുർബലകൾ നിന്നു മരവിക്കുമ്പോൾ പട്ടുമെത്തയിൽ കിടന്നുറങ്ങിയിട്ടും സമയം പോകാതെ ചാരുകസേരയിലേക്ക് മാറിക്കിടന്ന് നാലുകയ്യ് 'കശക്കാ'മെന്നു വെക്കുന്ന മുഴുമടിയന്മാരെ; ഇങ്ങനെ ലോകത്തിന്റെ വേദനകളെ മുഴുവൻ ഏറ്റെടുത്ത് ഒരു കൂട്ടർ ശ്വാസം മുട്ടിച്ചാവുമ്പോൾ അവരുടെ കഴുത്തിൽകയറിയിരുന്ന് സവാരിചെയ്യുന്ന അത്തരം അറുദുഷ്ടന്മാരെ. ഇവരാകട്ടെ കടിച്ചുതിന്നുന്ന വിശപ്പിനോട് ഉമിനീർവറ്റിയ തൊണ്ടകൊണ്ടു ഒരു നാഴിക നേരം പിശകി നിൽക്കാൻ ആഗ്രഹിക്കാറില്ല. അങ്ങനെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളെയും അവർ കർമത്തിന്റെ മുമ്പിൽ കാഴ്ചവെക്കുന്നു.

ഇതെല്ലാമെന്തിന്? ഈ കാറ്റും മഴയുമേറ്റ ഒരു മനുഷ്യാത്മാവ് ഒമ്പതു മണിക്കൂർനേരം പണിയെടുക്കുന്നതെന്തിന്? ഇതിനുള്ള പ്രതിഫലമാണ് വൈകുന്നേരം കൊടുക്കുന്ന ഏഴരക്കാൾ (1 അണ 3 പൈ) അതാണ് ഇപ്പോഴത്തെ കൂലിനിരക്ക്.

സന്ധ്യയ്ക്കുമുമ്പായിത്തന്നെ കൊളുത്തിവെക്കുന്ന പീടികകളിലെ ചില്ലുറാന്തലുകൾ അവയുടെ പൂർണശോഭയോടുകൂടി പ്രകാശിക്കാൻ തുടങ്ങുമ്പോൾ, അവയുടെ വെളിച്ചത്തിൽ അങ്ങാടിയിലൂടെ നനഞ്ഞൊലിച്ചുകൊണ്ട് ഈ അസ്ഥികൂടങ്ങൾ സ്വന്തം മാടങ്ങളിലേക്ക് ബദ്ധപ്പെട്ട് ഇഴഞ്ഞുപോകുന്നതു കാണാം. അപ്പോൾ അവരുടെ കൈയിൽ നാലഞ്ചു സാധനങ്ങളുണ്ടാവും. ഉടുതുണിയുടെ കോന്തലയ്ക്കൽ ഒരുപിടി അരി; കൈയിലെ പൊതിയിൽ ഉപ്പും മുളകും;



**കളപറിക്കാരികൾ**

ഇടശ്ശേരി



ഒരു പഴയ കൂമ്പൻ ടിന്നുവിളക്കിൽ കുറച്ചു മണ്ണെണ്ണ, ഇങ്ങനെ അന്നത്തെ സമ്പാദ്യത്തിനു കിട്ടാവുന്നേടത്തോളം സകലതും. പിന്നെ ആ ബദ്ധപ്പാടിൽ അവർ ഇങ്ങനെ പരസ്പരം മന്ത്രിക്കുന്നുണ്ടാകും – അതൊരു തേങ്ങൽ പോലെയേ കേൾക്കൂ. അടിയന്തരമായി അവരുടെ ശ്രദ്ധയെ ആകർഷിക്കുന്ന ചില ഗൃഹകാര്യങ്ങൾ 'എടീ, എന്റെ കുട്ടിക്ക് ഇന്നു ഏഴായി പനി, വൈദ്യര് പറഞ്ഞ കഷായത്തിന് വാങ്ങാൻ ഇന്നും തെകഞ്ഞില്ല.'

'എന്താ ചെയ്യ്വാ. ഇപ്പോ പൊരിഞ്ഞുംകൊണ്ട് കാത്തിരിക്കണ്ണ്ടാവൂലോ. എന്താ ഇതോണ്ട് കാട്ട്വാ?

'ഇപ്പോ ഇതും തീരോലോ! പിന്ന്യോ?'

'വല്ലാത്തൊരു മഴ! കാല് കോച്ചുണു.'

വഴിയേ പോകുന്നവർക്ക് കേവലം നിരർത്ഥകങ്ങളായ ഈ ശബ്ദങ്ങൾ ആ തെരുവിന്റെ മൂലയിലുള്ള തിരിച്ചിൽ കടന്ന് കൂരിരുട്ടിലേക്ക് മറയുന്നു.

അപ്പോൾ ഈ നടുപ്പാടത്ത്, ഈ പെരുമഴയത്ത് ജീവിതം ഉഴിഞ്ഞിട്ടിരിക്കുന്ന ഈ ഓരോ ആത്മാവും ഓരോ വ്യക്തിയല്ല; ഓരോ കുടുംബമാണ്! യഥാർത്ഥ കൃഷിക്കാർ ആരാണെന്ന ചോദ്യത്തിനു നമ്മുടെ നിയമസഭകൾ ഈയിടെയാണ് അവസാനമായി മറുപടി പറഞ്ഞത്. ഭൂമിയുടമസ്ഥ ന്മാരല്ല. ഇടനിലക്കാരുമല്ല; പിന്നെയോ കൃഷി ചെയ്യുന്ന വെറുമ്പാട്ടക്കാർ. ആ യഥാർത്ഥ കൃഷിക്കാരന്നു രക്ഷവേണമെന്ന് എല്ലാവരും തീർച്ചപ്പെടുത്തിക്കഴിഞ്ഞു. അയാളെ ഋണങ്ങളിൽനിന്നു മോചിപ്പിക്കാനുള്ള സംരംഭങ്ങൾ തുടങ്ങിക്കഴിഞ്ഞു. വളരെ നല്ലത്. പക്ഷേ, അവരുടെ സ്ഥിതി നന്നാകുന്നതോടുകൂടി ഇവർക്ക് യാതൊരു മാറ്റവും വരുന്നില്ല. ഇവർ കൃഷിചെയ്യുന്നവരാണ്, പക്ഷേ, കൃഷിക്കാരല്ല!

വേലക്കാർ കർഷകനും കച്ചവടക്കാരനും കൈത്തൊഴിൽശാലക്കാരനും ഒരുപോലെ സമൃദ്ധിയിലേക്കുള്ള സവാരിക്കു മുതുകു കാണിച്ചു നിൽക്കുന്ന ഇരുകാലികൾ. അവർ കൃഷിക്കാലത്ത് വലയിൽപ്പോകും, വേലയുള്ളപ്പോൾ തൊഴിൽശാലയിൽ പോകും. അതുമല്ലാത്തപ്പോൾ പട്ടിണികിടക്കും. വയലിലും, തോട്ടത്തിലും, തൊഴിൽശാലയിലും എവിടെയും അവർ അല്പാല്പമായി കിടന്നു ദ്രവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നാട് അതിന്റേതായ ഈ ബീഭത്സതയെ നോക്കിക്കാണുന്നതെപ്പോഴായിരിക്കും!

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കുട്ടികൾക്കുവേണ്ടി എഴുതിയത്
പു. 15, ല, 20 ആഗസ്ത് 2 1937, പു. 31